AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
THIRUVANANTHAPURAM

# Press Release

PR . 263/2018 01.12.2018

## ഉത്പാദന വർദ്ധനവിനൊപ്പം മൂല്യവർദ്ധനവും ശക്തിപ്പെടുത്തും – കൃഷിമന്ത്രി

സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന്റെ ആഭിമുഖ്യത്തിൽ “കേരളത്തിലെ കർഷക ഉത്പാദന സംഘടനകൾ (FPO’s)” എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന ശില്പശാല തിരുവനന്തപുരം സമേതിയിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിൽ കർഷക ഉത്പാദന സംഘടനകളുടെ (എഫ്.പി.ഒ) സാധ്യതകൾ മുൻനിർത്തിക്കൊണ്ട് ഇത്തരത്തിലൊരു ശില്പശാല ആദ്യമായാണ് സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ കാർഷിക മേഖല സുസ്ഥിരമായി മുന്നോട്ടു കൊണ്ടു പോകുന്നതിനായി ഉത്പാദന വർദ്ധനവിനൊപ്പം മൂല്യവർദ്ധന മേഖല കൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ യോഗം ഉത്ഘാടനം ചെയ്തുകൊണ്ട് അഭിപ്രായപ്പെട്ടു. നാളികേര കർഷക ഉത്പാദന സംഘടനകളെ ഏകോപിപ്പിക്കുവാൻ വേണ്ടി വൈഗ – 2017 ന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിച്ച നാളികേര വികസന കൗൺസിൽ പോലെയുള്ള ഒരു ഏകോപന സംവിധാനം മറ്റു മേഖലകളിലുള്ള കർഷക ഉത്പാദക സംഘടനകൾക്കും വികസിപ്പിക്കുക വഴി കേരളത്തിലെ കർഷക ഉത്പാദന സംഘടനകൾക്കു ലോകനിലവാരത്തിലേയ്ക്കും ദേശീയ നിലവാരത്തിലേയ്ക്കും ഉയർന്നു വരുവാൻ സാധിക്കും.

2018 ഡിസംബർ 27 മുതൽ 30 വരെ തൃശൂർ സംഘടിപ്പിക്കുന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയിൽ കർഷക ഉത്പാദന സംഘടനകൾക്കും മുഖ്യ പരിഗണന നൽകുന്നതായിരിക്കും. കാർഷിക മേഖലയിലെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവയെക്കുറിച്ച് കൃത്യമായ ഒരു നിരീക്ഷണത്തിന്റെ ആവശ്യകതയുണ്ട്. കർഷക ഉത്പാദന സംഘടനകൾക്ക് ഒരു ഏകോപന സംവിധാനത്തിന്റെ ആവശ്യകതയും നിലനിൽക്കുന്നു. എല്ലാ കർഷക ഉത്പാദന സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാനാണ് കൃഷിവകുപ്പ് ഉദ്ദേശിക്കുന്നത്. കാർഷികാടിസ്ഥാനത്തിൽ വികസിപ്പിക്കുന്ന സംരംഭങ്ങൾ കർഷകരിലേയ്ക്ക്

എത്തേണ്ടതുണ്ടെന്നും നയപരമായ ഇടപെടൽ ഇക്കാര്യത്തിൽ കൃഷിവകുപ്പ് നടത്തുന്നതായിരിക്കുമെന്നും കൃഷിമന്ത്രി അറിയിച്ചു.

കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനായി കർഷക ഉത്പാദന സംഘടനകൾ ശക്തിപ്പെടുത്തേണ്ടതാണ്, ഇതിനായി നൂതന സാങ്കേതിക വിദ്യകളും പുതുതലമുറയിലെ സംരംഭകരെയും ഇതിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. കൃഷിവകുപ്പിന്റെ കീഴിലുള്ള വേൾഡ് മാർക്കറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വികരിക്കുകയും അടിസ്ഥാനപരമായി നമ്മുടെ വിപണന സംവിധാനം കർഷക ഉത്പാദന സംഘടനകൾക്കു ഉതകുന്ന രീതിയിൽ മാറ്റം വരുത്തുമെന്നും മന്ത്രി സൂചിപ്പിച്ചു.

ശില്പശാലയ്ക്കു ശേഷം കർഷക ഉത്പാദന സംഘടനകളുടെ ശാക്തീകരണത്തിനുള്ള നടപടികളും മന്ത്രി നിർദ്ദേശിച്ചു. നാഷണൽ കൺസൾട്ടൻസി മീറ്റ് സംഘടിപ്പിക്കുക, ആർ.കെ.വി.വൈ പദ്ധതികളിൽ കർഷക ഉത്പാദന സംഘടനകളെ ഉൾപ്പെടുത്തുക, പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുക, പ്രൈസസ് ബോർഡിന്റെ നേതൃത്വത്തിൽ വിശദമായ ഒരു ഡേറ്റാ ബേയ്സ് തയ്യാറാക്കുക എന്നിവ നടപ്പാക്കുന്നതിന് യോഗം തീരുമാനിച്ചു. നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

ശില്പശാലയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ച കാർഷികോത്പാദനകമ്മീഷണർ ദേവേന്ദ്രകുമാർസിംഗ് ഐ.എ.എസ് കർഷക ഉത്പാദന സംഘടനകളെ കാർഷിക മേഖലയുടെ നിലനിൽപിനെന്നതിലുപരി വ്യാവസായികാടിസ്ഥാനത്തിൽ വിപുലീകരിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു. നബാർഡ്, അപേഡ (APEDA) എന്നീ ഏജൻസികളുമായി യോജിച്ചു പ്രവർത്തിക്കുക വഴി കർഷക ഉത്പാദന സംഘടനകൾക്കു കയറ്റുമതിയിൽ കൂടുതൽ നേട്ടം കൈവരിക്കുവാനും അതുവഴി ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കും. യോഗത്തിൽ തളിപ്പറമ്പ് എം.എൽ.എ ജെയിംസ് മാത്യു സംരംഭകത്വപ്രോത്സാഹന പദ്ധതിയെക്കുറിച്ചും ഇത് പ്രകാരമുള്ള നേട്ടങ്ങളെക്കുറിച്ചും വിശദീകരിച്ചു.

കൃഷിവകുപ്പ് ഡയറക്ടർ ഡോ.പി.കെ.ജയശ്രീ. ഐ.എ.എസ്, സംസ്ഥാന കാർഷിക വില നിർണ്ണയബോർഡ് ചെയർമാൻ ഡോ.പി.രാജശേഖരൻ, നബാർഡ് ചീഫ് ജനറൽ മാനേജർ ആർ.ശ്രീനിവാസൻ, അസിസ്റ്റന്റ് മാർക്കറ്റിംഗ് അഡ്വൈസർ ഹമീദ്കുട്ടി, അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) പി.ജി.ചന്ദ്രമതി എന്നിവർ ചടങ്ങിൽ സംസാരിച്ചു. വിവിധ ജില്ലകളിൽ നിന്നുമുള്ള കർഷക ഉത്പാദന സംഘടനകളിലെ പ്രതിനിധികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ